സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 247 2025 ജനുവരി 24 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

എങ്ങോട്ടാ പൊന്നേ കുതിക്കുന്നത്?

തിരു : ഒരു ദിവസത്തെ ഇടവേളയ്ക്ക് ശേഷം സംസ്ഥാനത്തെ സ്വർണവിലയിൽ വീണ്ടും വർദ്ധനവ്. ഒരു പവൻ സ്വർണത്തിന് 240 രൂപ വർദ്ധിച്ച് 60,440 രൂപയായി. ഒരു ഗ്രാം 22 കാരറ്റ് സ്വർണത്തിന് 7,555 രൂപയും ഒരു ഗ്രാം 24 കാരറ്റ് സ്വർണത്തിന് 8,242 രൂപയുമായി. കഴിഞ്ഞ രണ്ട് ദിവസങ്ങളിലും ഒരു പവൻ സ്വർണത്തിന് വില 60,200 രൂപയായിരുന്നു. ജനുവരി 22നാണ് ആഭരണപ്രേമികളെ ഞെട്ടിപ്പിക്കുന്ന തരത്തിൽ ഒരു പവൻ സ്വർണത്തിന്റെ വില 60,000 കടന്നത്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തീവ്ര വ്യാപാര, തീരുവ നയങ്ങൾ തുടർന്നാൽ സ്വർണവില ഇനിയും കൂടിയേക്കാം. ട്രംപ് അധികാരമേറ്റതു മുതൽ സ്വർണവില മികച്ച മുന്നേറ്റമാണ് നടത്തിയത്. ഡീഡോളറൈസേഷൻ നടത്തുന്ന രാജ്യങ്ങൾക്ക് ഉയർന്ന തീരുവ ഏർപ്പെടുത്തുമെന്ന ഭീഷണി സ്വർണത്തിന്റെ വാങ്ങൽ താത്പര്യം ഉയർത്തിയേക്കും.

പെട്രോളിനും ഡീസലിനും വില കുറയും

വാഷിംഗ്ടൺ: സൗദി അറേബ്യയോടും മറ്റ് പെട്രോളിയം കയറ്റുമതി രാജ്യങ്ങളോടും എത്രയും പെട്ടെന്ന് എണ്ണ വില കുറയ്ക്കാൻ ആഹ്വാനം ചെയ്ത് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. റഷ്യയും യുക്രൈയിനും തമ്മിലുള്ള യുദ്ധം അവസാനിപ്പിക്കാൻ ഇത് അത്യന്താപേക്ഷിതമാണെന്നാണ് ട്രംപ് പറയുന്നത്. സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തെ വെർചലായി അഭിസംബോധന ചെയ്യവെയാണ് എണ്ണവില കുറയ്ക്കണമെന്ന് ട്രംപ് ആവശ്യപ്പെട്ടത്.

'എണ്ണവില എത്രയും പെട്ടെന്ന് കുറയ്ക്കാൻ ഞാൻ സൗദി അറേബ്യയോടും മറ്റ് ഒപെക്ക് രാജ്യങ്ങളോടും ആവശ്യപ്പെടുകയാണ്. നിങ്ങൾ അത് ചെയ്യണം. സത്യം പറഞ്ഞാൽ അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിനുമുമ്പുതന്നെ വില കുറയ്ക്കാതിരുന്നത് എന്നെ അത്ഭുതപ്പെടുത്തുകയാണ്. എണ്ണ വില കുറഞ്ഞാൽ റഷ്യ യുക്രൈയിൻ യുദ്ധം ഉടൻ അവസാനിക്കും. ഇപ്പോൾ യുക്രൈയിനിൽ സംഭവിക്കുന്ന കാര്യങ്ങൾക്ക് ഒപെക് രാജ്യങ്ങൾ ഒരു പരിധിവരെ ഉത്തരവാദികളാണ്. ദശലക്ഷക്കണക്കിന് ജീവനുകളാണ് അവിടെ നഷ്ടമായിക്കൊണ്ടിരിക്കുന്നത്. എണ്ണവില കുറയുന്നതിനൊപ്പം ലോകമെമ്പാടും പലിശ നിരക്കും കുറയണം'– ട്രംപ് ആവശ്യപ്പെട്ടു.

ലോകത്തെ പ്രധാന എണ്ണ ഉൽപ്പാദകരാണ് റഷ്യ. യുദ്ധത്തെത്തുടർന്ന് റഷ്യയ്ക്കുമേൽ അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും ഉപരോധം ഏർപ്പെടുത്തിയതോടെ റഷ്യ വില കുറച്ച് ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾക്ക് എണ്ണ വിൽക്കുന്നുണ്ട്. റഷ്യയുടെ പ്രധാന വരുമാന മാർഗവും ഇങ്ങനെ എണ്ണ വിൽക്കുന്നതാണ്. ഒപെക് രാജ്യങ്ങൾ എണ്ണ വില കുറച്ചാൽ ഇപ്പോൾ റഷ്യയിൽ നിന്ന് എണ്ണവാങ്ങുന്ന രാജ്യങ്ങൾ ഒപെക്കിൽ നിന്ന് എണ്ണ വാങ്ങുകയും അതോടെ വരുമാനം കുറയുന്ന റഷ്യ യുദ്ധത്തിൽ നിന്ന് പിന്മാറാൻ എത്രയും പെട്ടെന്ന് നിർബന്ധിതരാവും എന്നാണ് ട്രംപ് കണക്കുകൂട്ടുന്നത്.

യുദ്ധത്തെത്തുടർന്ന് നികുതികൾ, താരിഫുകൾ, ഉപരോധം എന്നിവയിലൂടെ റഷ്യയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു സാമ്പത്തിക പ്രത്യാഘാതങ്ങളെക്കുറിച്ചും പ്രസംഗത്തിനിടെ ട്രംപ് ഓർമ്മിപ്പിച്ചു. റഷ്യൻ പ്രസിഡന്റ് പുടിനോടും റഷ്യക്കാരോടുമുള്ള തന്റെ ദീർഘകാല ബന്ധത്തെക്കുറിച്ചും ട്രംപ് പ്രസംഗത്തിൽ വ്യക്തമാക്കി.

മുൻ സോവിയറ്റ് റിപ്പബ്ളിക്കായ യുക്രൈയിൻ യൂറോപ്യൻ യൂണിയനിൽ ചേരാൻ തീരുമാനിച്ചതോടെയാണ് റഷ്യ ഏകപക്ഷീയമായി യുദ്ധം തുടങ്ങിയത്.

ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചത് എന്ത് അധികാരത്തിലെന്ന് സർക്കാറിനോട് ഹൈക്കോടതി

കൊച്ചി: സിവിൽ കോടതി തീർപ്പാക്കിയ ഭൂമിയടക്കം മുനമ്പം വഖഫ് വിഷയത്തിൽ ജുഡീഷ്യൽ കമീഷനെ നിയമിച്ചത് എന്ത് അധികാരത്തിലെന്ന് സർക്കാറിനോട് ഹൈകോടതി.

കേന്ദ്രമാണോ സംസ്ഥാനമാണോ ജുഡീഷ്യൽ കമ്മീഷനെ നിയമിക്കേണ്ടത്. വഖഫ് കേന്ദ്ര നിയമമായതിനാൽ അവിടെ കമ്മീഷനെ നിയമിക്കാൻ സംസ്ഥാന സർക്കാറിന് അധികാരമുണ്ടോ. കണ്ണിൽ പൊടിയിടാനാണോ ജുഡീഷ്യൽ കമ്മീഷൻ നിയമനമെന്നും ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് ആരാഞ്ഞു. തുടർന്ന് മുനമ്പം ഭൂമി സംബന്ധിച്ച് നിയമിച്ച ജുഡീഷ്യൽ കമീഷൻറെ അന്വേഷണ പരിധി അറിയിക്കാൻ നിർദേശിച്ച കോടതി ഇത് സംബന്ധിച്ച ഹരജി അടുത്ത ബുധനാഴ്ച പരിഗണിക്കാനായി മാറ്റി. മുനമ്പത്തെ ഭൂമി തർക്കം സംബന്ധിച്ച അന്വേഷണത്തിന് ജുഡീഷ്യൽ കമീഷനെ നിയമിച്ച സംസ്ഥാന സർക്കാർ നടപടി ചോദ്യം ചെയ്ത് കേരള വഖഫ് സംരക്ഷണ വേദി നൽകിയ ഹരജിയാണ് കോടതിയുടെ പരിഗണനയിലുള്ളത്. ഹരജി പരിഗണിക്കുന്നതിൽ നിന്ന് കഴിഞ്ഞ ദിവസം ജസ്റ്റിസ് സി.എസ്. ഡയസ് പിൻമാറിയിരുന്നു. തുടർന്നാണ് ഹരജി വെള്ളിയാഴ്ച പുതിയ ബെഞ്ചിൻറെ പരിഗണനക്കെത്തിയത്. മുനമ്പത്തെ 104 ഏക്കർ വഖഫ് ഭൂമിയാണെന്ന് നേരത്തെ കോടതി കണ്ടെത്തയതാണെന്ന് ഹരജി പരിഗണിക്കവേ കോടതി വാക്കാൽ പറഞ്ഞു.

കടുവയുടെ ആക്രമണത്തിൽ ആദിവാസി സ്ത്രീ കൊല്ലപ്പെട്ടു

നൂറ് മീറ്ററോളം വലിച്ചിഴച്ചു; മന്ത്രിയെ തടഞ്ഞുവച്ച് നാട്ടുകാർ

മാനന്തവാടി: കടുവയുടെ ആക്രമണത്തിൽ ആദിവാസി സ്ത്രീക്ക് ദാരുണാന്ത്യം. വനംവകുപ്പ് താത്ക്കാലിക വാച്ചർ അച്ചപ്പന്റെ ഭാര്യ രാധയാണ് മരിച്ചത്. മാനന്തവാടി പഞ്ചാരക്കൊല്ലി പ്രിയദർശിനി എസ്റ്റേറ്റിന് സമീപം രാവിലെ പത്ത് മണിക്ക് ശേഷമാണ് സംഭവമെന്നാണ് റിപ്പോർട്ടുകൾ. വനത്തിന് സമീപമുള്ള സ്വകാര്യ വ്യക്തിയുടെ കാപ്പിത്തോട്ടത്തിലാണ് കടുവയുടെ ആക്രമണമുണ്ടായത്.

രാധ കാപ്പി പറിക്കാൻ പോയതായിരുന്നു. അച്ചപ്പനാണ് ബൈക്കിൽ രാധയെ കാപ്പിത്തോട്ടത്തിനടുത്ത് കൊണ്ടുവിട്ടത്. കാപ്പി പറിക്കുന്നതിനിടയിലാണ് രാധയെ കടുവ ആക്രമിച്ചത്. നൂറ് മീറ്ററോളം വലിച്ചിഴച്ചു കൊണ്ടുപോയി. മൃതദേഹം പാതിഭക്ഷിച്ച നിലയിലാണ്. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ഉടൻ ആശുപത്രിയിലേക്ക് കൊണ്ടുപോകും.

മന്ത്രി ഒ ആർ കേളു സംഭവസ്ഥലത്തെത്തി. മന്ത്രിയെ നാട്ടുകാർ തടഞ്ഞുവച്ചു. വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് പരിശോധന നടത്തുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിലൊന്നും പ്രദേശത്ത് കടുവയുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടില്ല. അതിനാൽത്തന്നെ തികച്ചും അപ്രതീക്ഷിതമായിട്ടാണ് സംഭവമുണ്ടായതെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷംഷാദ് മരക്കാർ പ്രതികരിച്ചു. പുൽപ്പള്ളി അമരക്കുനി മേഖലയിൽ ദിവസങ്ങളോളം വിറപ്പിച്ച കടുവ കഴിഞ്ഞ ദിവസം വനംവകുപ്പിന്റെ കൂട്ടിൽ അകപ്പെട്ടത്. 8 വയസോളം പ്രായമുള്ള പെൺ കടുവയാണ് തൂപ്രയിൽ വനംവകുപ്പ് സ്ഥാപിച്ച കൂട്ടിൽ കുടുങ്ങിയത്. കൈക്കടക്കം പരിക്കേറ്റ നിലയിലായിരുന്നു കടുവ.

ജനവാസമേഖലയിൽ ഇറങ്ങിയ കടുവ 10 ദിവസത്തിനുശേഷമാണ് കൂട്ടിലായത്. എല്ലാ ദിവസവും രാത്രി വൈകിവരെ കടുവയ്ക്കായി വനംവകുപ്പ് തിരച്ചിൽ നടത്തിയിരുന്നു. ആദ്യം അമരക്കുനിയിൽ നിന്നായിരുന്നു കടുവ ആടിനെ പിടികൂടിയത്. പിന്നീട് ഇടവിട്ടുള്ള ദിവസങ്ങളിൽ 5ആടുകളെ ഈ പ്രദേശത്തോട് ചേർന്ന സ്ഥലങ്ങളിൽ നിന്നും കടുവ പിടികൂടിയിരുന്നു. ഓരോ ദിവസവും വനംവകുപ്പ് കൂടും ക്യാമറകളും മാറ്റി സ്ഥാപിച്ചെങ്കിലും നിരാശയായിരുന്നു ഫലം. ഒടുവിൽ തൂപ്രയിലെ കൂട്ടിൽ കുടുങ്ങുകയായിരുന്നു.

ഒരു പുരുഷന്റെ മുഖത്തുനോക്കി അങ്ങനെ പറയാൻ ബി.ഉണ്ണിക്കൃഷ്ണൻ ധൈര്യപ്പെടുമോ?: സാന്ദ്രാ തോമസ്

കൊച്ചി: തന്റെ പരാതിയിൽ ഫെഫ്ക ജനറൽ സെക്രട്ടറി ബി.ഉണ്ണിക്കൃഷ്ണനെതിരെ പോലീസ് കേസെടുത്ത സംഭവത്തിൽ പ്രതികരണവുമായി നടിയും നിർമാതാവുമായ സാന്ദ്രാ തോമസ്. നിർമാതാക്കളുടെ സംഘടനയിൽ നിന്ന് തന്നെ പുറത്താക്കാൻ ശ്രമിച്ചവരിൽ ബി.ഉണ്ണിക്കൃഷ്ണനടക്കമുള്ളവരുടെ പങ്ക് വലുതാണ്. അവസരം തരില്ലെന്ന് പരസ്യമായി അദ്ദേഹം പറഞ്ഞിട്ടുണ്ട്. പ്രതികരിക്കാൻ പറ്റാത്ത ഒരാളായതുകൊണ്ട് മിണ്ടാതെ കേട്ടുനിൽക്കാനേ പറ്റിയുള്ളൂ. ഒരു പുരുഷന്റെ മുഖത്തുനോക്കി അദ്ദേഹം ഇങ്ങനെ പറയുമോയെന്നും സാന്ദ്രാ തോമസ് ചോദിച്ചു.

നമ്മുടെ ഇൻഡസ്ട്രിയിലെ ആളുകൾക്കെതിരെ പരാതി നൽകുകയും പൊരുതേണ്ടിവരികയുമൊക്കെ ചെയ്യുന്നത് സങ്കടമുള്ള കാര്യമാണെന്ന് സാന്ദ്രാ തോമസ് പറഞ്ഞു. സ്വന്തം തൊഴിലിടത്തിൽനിന്ന് പോരാടി സിനിമ ചെയ്യേണ്ടിവരുന്ന അവസ്ഥ എന്നത് കുറച്ച് മോശമായ കാര്യമാണ്. വിഷമമുള്ള കാര്യമാണെങ്കിലും മുന്നോട്ടുപോവുകയല്ലാതെ നിവൃത്തിയില്ല. പ്രൊഡ്യൂസേഴ്സ് അസോസിയേഷന്റെ ഭാഗത്തുനിന്ന് ഒരു മോശം അനുഭവമുണ്ടായപ്പോൾ അത് തുറന്നുപറഞ്ഞതിന്റെ പേരിലും കേസായതിന്റെ പേരിലും തന്നെ അവിടെനിന്ന് പുറത്താക്കാനായി ബി.ഉണ്ണിക്കൃഷ്ണനടക്കമുള്ളവർ വഹിച്ച പങ്ക് വലുതാണ്. കഴിഞ്ഞ 10–14വർഷമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന മാനസിക പീഡനത്തിൽനിന്നാണ് ഈ കേസ് വരെ എത്തിനിൽക്കുന്നതെന്നും അവർ വ്യക്തമാക്കി.

'കേസു കൊടുത്തതിന്റ പേരിലാണ് സംഘടനയിൽനിന്ന് പുറത്താക്കുന്നത്. ഇതൊക്കെ എന്നെ ഭയപ്പെടുത്തി പിന്നോട്ടുമാറ്റാൻ ഇവർ നടത്തുന്ന ശ്രമങ്ങളാണ്. കൂടാതെ പരസ്യമായി അദ്ദേഹം പലവട്ടം എന്നെ ഇനി സിനിമ ചെയ്യാൻ സമ്മതിക്കില്ലെന്ന് പറഞ്ഞിട്ടുണ്ട്. തിരിച്ച് സംസാരിക്കുന്ന, ചോദ്യം ചെയ്യുന്നയാളെ ഒരാളെ ഉൾക്കൊള്ളാൻ അദ്ദേഹത്തിന് സാധിക്കുന്നുണ്ടായിരിക്കില്ല. അതുകൊണ്ടായിരിക്കാം എന്നെ സിനിമ ചെയ്യാൻ സമ്മതിക്കില്ലെന്നും ഫെഫ്ക എന്നോട് സഹകരിക്കില്ല എന്ന് പറയാൻ കാരണം. ഫോണിലും അല്ലാതെയും ചേംബറിൽ എല്ലാവരും ഇരിക്കുന്ന സഭയിലും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ബി.ഉണ്ണിക്കൃഷ്ണൻ ഇതൊരു പുരുഷന്റെ മുഖത്തുനോക്കി പറയുമോ? പ്രതികരിക്കാൻ പറ്റാത്ത ഒരാളായതുകൊണ്ട് മിണ്ടാതെ കേട്ടുനിൽക്കാനേ പറ്റിയുള്ളൂ.

ഹേമാ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിനുശേഷം ഇൻഡസ്ട്രിയിൽ പോസിറ്റീവായ മാറ്റങ്ങളുണ്ടാവുമെന്നാണ് എല്ലാവരും കരുതിയിരുന്നത്. അതിന്റെ ഭാഗമായാണ് ഒരു മോശം അനുഭവമുണ്ടായപ്പോൾ പ്രതികരിച്ചതും കേസ് കൊടുത്തതും. എന്തെങ്കിലും സംഭവിക്കുമെന്ന് പലർക്കും പേടിയായിരുന്നെങ്കിൽ ആ ഭയം ഇപ്പോൾ ഇല്ലാതായി. കേസ് കൊടുക്കുന്ന ആളുകളെ പുറത്താക്കിയാൽ അതിനെ ചോദ്യംചെയ്യാനൊന്നും ആരുമില്ല. അപ്പോഴും അവരുടെ സ്വച്ഛാധിപത്യം സുഗമമായി നടന്നുപോവുകയാണ്. ആരും അവരെ ചോദ്യംചെയ്യാനില്ലെന്ന അവസ്ഥയിലേക്ക് കാര്യങ്ങളെത്തി.'

ബി.ഉണ്ണിക്കൃഷ്ണനോട് വ്യക്തിപരമായി യാതൊരു വൈരാഗ്യവുമില്ല. എന്നാൽ അദ്ദേഹം പറയുന്നതും ചെയ്യുന്നതും തമ്മിൽ ബന്ധമില്ല. സാന്ദ്ര ഒരു സിനിമ ചെയ്യുകയാണെങ്കിൽ ഫെഫ്ക അതിനോട് സഹകരിക്കും എന്ന് അദ്ദേഹം പറയുകയാണെങ്കിൽ അപ്പോഴാണ് കൂടുതൽ ഭയക്കേണ്ടത്. അങ്ങനെ പലരോടും ചെയ്തിട്ടുണ്ട്. ഹേമാ കമ്മിറ്റി റിപ്പോർട്ട് വന്നശേഷം എല്ലാം ഒന്നുകൂടി മോശമാവുകയാണ് ചെയ്തത് എന്നാണ് തോന്നുന്നതെന്നും അവർ അഭിപ്രായപ്പെട്ടു.

അജിത് കുമാറിനെതിരായ കേസ്; അന്വേഷണത്തിന് കൂടുതൽ സമയം തേടി വിജിലൻസ്

തിരു: എഡിജിപി എംആർ അജിത് കുമാറിനെതിരായ ആരോപണങ്ങളുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ കൂടുതൽ സമയം തേടി വിജിലൻസ്.

കൂടുതൽ സാക്ഷികളുടെ മൊഴി രേഖപ്പെടുത്താനുള്ളതിനാൽ രണ്ടുമാസം കൂടി സമയമാണ് വിജിലൻസ് ആവശ്യപ്പെട്ടത്. അനധികൃത സ്വത്ത് സമ്പാദനത്തിലാണ് വിജിലൻസ് അന്വേഷണം. മാർച്ച് 25ന് കേസ് വീണ്ടും പരിഗണിക്കും.

പ്രാഥമിക അന്വേഷണത്തിനും തെളിവ് ശേഖരണത്തിനുംശേഷം എ.ഡി.ജി.പി. എം. ആർ. അജിത് കുമാറിനെ വിജിലൻസ് ചോദ്യംചെയ്തിരുന്നു. അനധികൃത സ്വത്തില്ലെന്നായിരുന്നു എഡിജിപിയുടെ മൊഴി. കവടിയാറിലെ വീട് നിർമാണവുമായി ബന്ധപ്പെട്ട രേഖകളടക്കം വിജിലൻസിന് കൈമാറുകയും ചെയ്തിരുന്നു.

ആറുമാസമായിരുന്നു വിജിലൻസ് അന്വേഷണത്തിന് നൽകിയ കാലാവധി. അജിത് കുമാറിന്റെ മൊഴികൂടെ രേഖപ്പെടുത്തിയ സാഹചര്യത്തിൽ അന്വേഷണ റിപ്പോർട്ട് ഉടൻ കൈമാറിയേക്കുമെന്ന് സൂചനകളായിരുന്നു മുമ്പ് പുറത്തുവന്നിരുന്നത്. പി.വി. അൻവറായിരുന്നു അജിത് കുമാറിനെതിരെ അനധികൃത സ്വത്ത് സമ്പാദന ആരോപണം ഉന്നയിച്ചത്.

ബ്രൂവറി പദ്ധതിയിൽ ബോധപൂർമായ അഴിമതിയെന്ന് രമേശ് ചെന്നിത്തല

കോഴിക്കോട്: മദ്യനയത്തിൽ മാറ്റം വരുത്തി അഴിമതിക്കേസിൽ പെട്ട കമ്പനിക്ക് ബ്രൂവറി പ്ലാന്റ് തുടങ്ങാൻ അനുമതി നൽകുന്നത് ബോധപൂർമായ അഴിമതിയുടെ ഭാഗമാണെന്ന് കോൺഗ്രസ് പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തല. ബ്രൂവറി സ്ഥാപിക്കാനുള്ള തീരുമാനം ജനങ്ങളോടുള്ള വെല്ലുവിളിയാണ്. കുടിക്കാൻ വെള്ളമില്ലാത്ത സ്ഥലമാണ്. സർക്കാർ പദ്ധതിയിൽ നിന്ന് പിന്തിരിയണം. മുഖ്യമന്ത്രി നേരിട്ട് നടത്തുന്ന അഴിമതിയാണിതെന്നും കമ്പനിയെ ക്ഷണിച്ചു കൊണ്ടുവരുന്നത് മുഖ്യമന്ത്രിയാണെന്നും ചെന്നിത്തല കുറ്റപ്പെടുത്തി.

"കുടിക്കുന്നതിനും കാർഷിക ആവശ്യങ്ങൾക്കും പോലും വെള്ളം കിട്ടാത്ത സ്ഥലമാണ് എലപ്പുള്ളി. അവിടെ ഒട്ടേറെ പ്ലാന്റുകളാണ് വരാൻ പോകുന്നത്. കർഷകരും ജനങ്ങളും നേരിടാൻ പോകുന്ന പ്രതിസന്ധി വളരെ വലുതായിരിക്കും. കേന്ദ്ര സർക്കാറിനു കീഴിലുള്ള പൊതുമേഖലാ ഓയിൽ കമ്പനികൾ അംഗീകാരം നൽകിയ കമ്പനിയാണ് ഒയാസിസ് എന്നാണ് സർക്കാർ പറയുന്നത്. എഥനോൾ നിർമാണത്തിനു വേണ്ടി ടെൻഡർ ക്ഷണിച്ചപ്പോൾ ഇവരെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയെന്നത് ശരിയാണ്. എന്നാൽ എഥനോൾ മൂന്നാംഘട്ടമായാണു നിർമിക്കുന്നത്. ഇന്ത്യൻ നിർമിത വിദേശ മദ്യവും അതിനുള്ള ബോട്ലിങ് പ്ലാന്റും ഡിസ്റ്റലറിയും മറ്റുമാണ് ഇപ്പോൾ നിർമിക്കുന്നത്.

ഡൽഹി മദ്യനയക്കേസിൽ ഒയാസിസ് കമ്പനിയുടെ ഡയറക്ടർമാരിൽ ഒരാൾ പ്രതിയാണ്. പഞ്ചാബിൽ ഇവർക്കെതിരെ ജലമലിനീകരണം നടത്തിയതിനു കേസുകളുണ്ട്. ഈ കമ്പനിയെ ആരാണ് വിളിച്ചു കൊണ്ടുവന്നതെന്നു മുഖ്യമന്ത്രി വ്യക്തമാക്കിയില്ല.

അച്യുത മേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഇനി കേരളത്തിൽ മദ്യനിർമാണ യൂണിറ്റ് വേണ്ട എന്ന് തീരുമാനിച്ചു. 2018ൽ മൂന്ന് ബ്രൂവറിയും ഒരു ഡിസ്റ്റിലറിയും അനുവദിക്കാൻ തീരുമാനിച്ചപ്പോൾ ഞങ്ങൾ അതിനെ ശക്തമായി എതിർത്തു. മദ്യനയത്തിൽ മാറ്റമില്ലെന്ന് സഭയിൽ ഉന്നയിച്ചു. ഇപ്പോൾ മദ്യനയത്തിൽ മാറ്റം വരുത്തി ഈ കമ്പനിക്ക് നിർമാണത്തിന് അനുമതി കൊടുക്കുന്നത് വളരെ ബോധപൂർമായ അഴിമതിയാണ്" ചെന്നിത്തല പറഞ്ഞു.

സി.പി.ഐ വിഷയത്തിൽ അഭിപ്രായം പറയാതെ ഒളിച്ചുകളിക്കുന്നു. ടാറ്റക്കും ബിർളക്കും എതിരെ കമ്യൂണിസ്റ് സമരം ചെയ്തത് പിണറായി മറന്നു. പിണറായി ഒരു കമ്മ്യൂണിസ്റ്റ് അല്ലാതായി മാറി.

വൻ തോതിൽ ജല ചൂഷണം ഉണ്ടാകുന്നു എന്നതാണ് പ്രധാനം. കൊക്കക്കോള കമ്പനി പൂട്ടിക്കാൻ നടത്തിയ സമരം തെറ്റായി പോയി എന്ന് മുഖ്യമന്ത്രി പറയാൻ തയാറാണോ എന്നും അദ്ദേഹം ചോദിച്ചു. ശനിയാഴ്ച പദ്ധതി പ്രദേശം സന്ദർശിക്കുമെന്നും രമേശ് ചെന്നിത്തല വ്യക്തമാക്കി.

തർക്കത്തിനിടെ ഭാര്യയെ കത്രികകൊണ്ട് തൊണ്ടയ്ക്ക് കുത്തിക്കൊന്ന് ഭർത്താവ്

പുണെ: മഹാരാഷ്ട്രയിൽ വഴക്കിനു പിന്നാലെ ഭാര്യയെ കത്രിക കൊണ്ട് കുത്തിക്കൊലപ്പെടുത്തി യുവാവ്. 27കാരിയായ ജ്യോതി ജിതെയെയാണ് ഭർത്താവും 37കാരനുമായ ശിവദാസ് ജിതെ കുത്തിക്കൊലപ്പെടുത്തിയത്. തുടർന്ന് ജോലിയിടത്തെ സാമൂഹിക മാധ്യമ ഗ്രൂപ്പിൽ പശ്ചാത്താപം അറിയിച്ചുകൊണ്ടുള്ള ഒരു വീഡിയോ ശിവദാസ് പങ്കുവെച്ചു. ഇയാളെ പിന്നീട് പോലീസ് അറസ്റ്റുചെയ്തു.

ബുധനാഴ്ച പുലർച്ചെ നാലരയോടെ ഇവർ താമസിക്കുന്ന ഒറ്റമുറി വീട്ടിൽവെച്ചാണ് സംഭവം. ഇരുവരും തമ്മിൽ തർക്കം മൂത്തതിനു പിന്നാലെ ശിവദാസ്, അടുത്തുകണ്ട കത്രികയെടുത്ത് ജ്യോതിയുടെ തൊണ്ടയിൽ കുത്തുകയായിരുന്നു. ജ്യോതിയുടെ നിലവിളി കേട്ട് ഓടിയെത്തിയ അയൽവാസികൾ ഉടൻതന്നെ ആശുപത്രിയിലെത്തിച്ചെങ്കിലും അതിനു മുമ്പെ മരിച്ചതായി ഡോക്ടർമാർ അറിയിച്ചു.

ഇതിന് ശേഷം സംഭവിച്ചതിൽ ഖേദം അറിയിച്ചുള്ള ഒരു വീഡിയോ ശിവദാസ് സ്വന്തം ഫോണിൽ ഷൂട്ട് ചെയ്ത്, ഇത് ജോലിയിടത്തെ വാട്സാപ്പ് ഗ്രൂപ്പിൽ പങ്കുവെച്ചു. പിന്നാലെ വെയസ്സുള്ള മകനെയും കൂട്ടി പോലീസ് സ്റ്റേഷനിലെത്തി സ്വയം കീഴടങ്ങി.

സംഭവസ്ഥലം സന്ദർശിച്ച പോലീസ്, പ്രതി കുത്താൻ ഉപയോഗിച്ചതെന്ന് പറയപ്പെടുന്ന കത്രികയുൾപ്പെടെയുള്ള തെളിവുകൾ ശേഖരിച്ചിട്ടുണ്ട്.

മസ്തകത്തിന് പരിക്കേറ്റ ആനയെ മയക്കുവെടിവച്ചു; ചികിത്സ തുടങ്ങി



തൃശൂർ: അതിരപ്പിള്ളിയിൽ മസ്തകത്തിന് പരിക്കേറ്റ ആനയെ മയക്കുവെടിവച്ചു. നാല് തവണ വെടിവച്ചിരുന്നു. അതിലൊരെണ്ണം ആനയുടെ പിൻകാലിൽ കൊണ്ടു .ആനയ്ക്ക് ചികിത്സ തുടങ്ങിയതായി വെറ്ററിനറി സർജൻ ഡോ. ബി ബി ഗിരിദാസ് പറഞ്ഞു.

'ആ മുറിവ് എത്രത്തോളം ആനയുടെ ജീവന് ഭീഷണിയാകുമെന്നായിരുന്നു സംശയം. മുറിവ് ആഴത്തിലല്ല എന്ന് അറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ദൗത്യം പൂർണമായും വിജയിച്ചിട്ടുണ്ട്. മുറിവിൽ മരക്കമ്പോ ലോഹ ഭാഗങ്ങളോ ഇല്ല.'– അദ്ദേഹം വ്യക്തമാക്കി.

മറ്റൊരു ആനയുമായി കൊമ്പുകോർത്തപ്പോഴാണ് ആനയ്ക്ക് മുറിവേറ്റതെന്നാണ് കരുതുന്നത്. ഈ മാസം 15 മുതൽ ആന ഈ പ്രദേശത്തുണ്ടായിരുന്നു. പരിക്കേറ്റ ആനയെ പതിവായി കണ്ടതോടെയാണ് വനംവകുപ്പ് ചികിത്സിക്കാൻ തീരുമാനിച്ചത്.

പതഞ്ജലിയുടെ മുകളുപൊടി വിപണിയിൽനിന്ന് പിൻവലിക്കാൻ നിർദേശം

ന്യൂഡൽഹി: പതഞ്ജലി ഫുഡ്സ് ലിമിറ്റഡ് പുറത്തിറക്കിയ മുളകുപൊടി വിപണിയിൽനിന്ന് പിൻവലിക്കാൻ ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ നിർദേശം. ഭക്ഷ്യസുരക്ഷാനിയമപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ഒരു പ്രത്യേക ബാച്ചിലെ മുകളുപൊടി വിപണിയിൽനിന്ന് പൂർണമായും പിൻവലിക്കാൻ ഭക്ഷ്യസുരക്ഷാവകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നത്. AJD2400012 എന്ന ബാച്ചിലെ മുളകുപൊടിയാണ് വിപണിയിൽനിന്ന് പിൻവലിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

എഫ്എസ്എസ്എഐയുടെ നിർദേശം വന്നതായി പതഞ്ജലി അധികൃതർ സ്ഥിരീകരിച്ചിട്ടുണ്ട്. ബാബ രാംദേവ് നേതൃത്വം നൽകുന്ന പതഞ്ജലി ആയുർവേദ ഗ്രൂപ്പ് 1986 ലാണ് സ്ഥാപിതമായത്. ഭക്ഷ്യ എണ്ണ, ഭക്ഷ്യവസ്തുക്കൾ, മറ്റ് ദൈനംദിന ഉപഭോഗവസ്തുക്കൾ എന്നിവയുടെ ഉത്പാദനത്തിലും വിപണനത്തിലും രാജ്യത്തെ മുൻനിരകമ്പനികളുടെ പട്ടികയിൽ പതഞ്ജലി ഉൾപ്പെടുന്നു.

സെപ്റ്റംബർ പാദത്തിൽ അറ്റാദായം 308.97 കോടി രൂപയാണെന്നും കഴിഞ്ഞ കൊല്ലത്തേക്കാൾ 21 ശതമാനം നേട്ടം കൈവരിക്കാനായെന്നും പതഞ്ജലി ഫുഡ്സ് വ്യക്തമാക്കിയിരുന്നു. 2024–25 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ 8,198.52 കോടി രൂപ വരുമാനം ലഭിച്ചതായും കമ്പനി അറിയിച്ചു. കഴിഞ്ഞ കൊല്ലം 7,845.79 കോടി രൂപയായിരുന്നു ആകെ വരുമാനം.

മധ്യവയസ്കയുടെ മൃതദേഹം കത്തിക്കരിഞ്ഞ നിലയിൽ അയൽവാസിയുടെ പറമ്പിൽ

തൃശ്ശൂർ : തൃശൂർ മണലൂരിൽ മധ്യവയസ്കയുടെ മൃതദേഹ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ജനുവരി 26ന് മണ്ഡലം തലങ്ങളിൽ അംബേദ്കർ സ്ക്വയർ സംഘടിപ്പിക്കും: പി കെ ഉസ്മാൻ

'ഭരണഘടനയാണ് ഇന്ത്യയുടെ ആത്മാവ്'

തൃശൂർ: 'ഭരണഘടനയാണ് ഇന്ത്യയുടെ ആത്മാവ്' എന്ന മുദ്രാവാക്യമുയർത്തി റിപബ്ലിക് ദിനമായ ജനുവരി 26 ന് സംസ്ഥാനത്ത് മണ്ഡലം തലങ്ങളിൽ അംബേദ്കർ സ്ക്വയറുകൾ സംഘടിപ്പിക്കുമെന്ന് എസ്ഡിപിഐ സംസ്ഥാന ജനറൽ സെക്രട്ടറി പി കെ ഉസ്മാൻ. തൃശൂരിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണകൂടം തന്നെ ഭരണഘടനയെ അട്ടിമറിക്കാനും ഭരണഘടനാശിൽപ്പി ഡോ. ബി ആർ അംബേദ്കറെ അവഹേളിക്കാനും ശ്രമിക്കുന്ന വർത്തമാന കാലത്ത് പാർട്ടി ഉയർത്തുന്ന ഈ മുദ്രാവാക്യത്തിന് ഏറെ പ്രസക്തിയുണ്ടെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്ത് ഭരണഘടനയല്ല വർണഘടനയാണ് നിലവിലുള്ളതെന്ന നാഷണൽ ജുഡിഷ്യൽ അക്കാദമി മുൻ ചെയർമാൻ പ്രഫ.മോഹൻ ഗോപാലിന്റെ പ്രസ്താവന ഏറെ പ്രസക്തമാണ്. ശ്രേണീബദ്ധമായ ജാതി വ്യവസ്ഥയും സനാതന വർണാധിപത്യവും അടിമകളാക്കിയ ജനതയ്ക്ക് മാനുഷിക പരിഗണന നൽകിയത് ഭരണഘടനയാണ്. വിഭവാധികാരങ്ങളിലും അവസരങ്ങളിലും സാമൂഹിക നീതി ഉറപ്പാക്കണമെന്നതാണ് ഭരണഘടനയുടെ അന്തസത്ത. വർണ-വംശീയ ചിന്തകൾ നയിക്കുന്ന ഫാഷിസ്റ്റ് ഭരണകൂടത്തിനും അതിനെ പിന്തുണയ്ക്കുന്നവർക്കും അത് എത്രമാത്രം അലോസരം സൃഷ്ടിക്കുമെന്നത് ഈ ഹിക്കാവുന്നതിലുമപ്പുറമാണ്. അതുകൊണ്ടുതന്നെയാണ് ഭരണഘടന നിലവിൽ വന്ന് ആദ്യ ദിനം മുതൽ അതിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഭരണഘടനയെ ശിലാരൂപിയായി നിലനിർത്തി അതിന്റെ ചൈതന്യത്തെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമമാണ് നടത്തുന്നത്. ഭരണഘടന ഉറപ്പു നൽകുന്ന തുല്യനീതിയും തുല്യാവകാശവും പൗരഭൂരിപക്ഷത്തിന് നിഷേധിക്കപ്പെടുന്നു. പൗരത്വത്തിന് മതം മാനദണ്ഡമാകുന്ന അവസ്ഥ സംജാതമായിരിക്കുന്നു. രണ്ടു തരം പൗരന്മാരെ സൃഷ്ടിക്കാൻ ഭരണകൂടം പദ്ധതിയിട്ടിരിക്കുന്നു. ഭരണഘടനയെ തന്നെ ഒരു സമര രൂപമാക്കി ഏറ്റെടുത്ത് രാജ്യത്തിന്റെ വീണ്ടെടുപ്പ് സാധ്യമാക്കാൻ പൗര ഭൂരിപക്ഷം തയ്യാറാവണം. ഭരണഘടനയും ജനാധിപത്യവും മതേതരത്വവും തുല്യനീതിയും അട്ടിമറിക്കപ്പെടുന്ന അപകടകരമായ സാഹചര്യത്തിൽ ഭരണഘടനയെ നെഞ്ചോട് ചേർത്തു പിടിച്ച് ഭരണഘടന ഉറപ്പാക്കുന്ന രാഷ്ട്ര നിർമിതിക്കായി പൗരസമൂഹം രംഗത്തുവരണമെന്ന് എസ്ഡിപിഐ അഭ്യർഥിക്കുന്നു.

ജനുവരി 26 ന് സംസ്ഥാനത്തെ എല്ലാ മണ്ഡലം തലങ്ങളിലും പാർട്ടി അംബേദ്കർ സ്ക്വയർ സംഘടിപ്പിക്കും.

സംസ്ഥാന പ്രസിഡന്റ് സിപിഎ ലത്തീഫ് (കണ്ണൂർ), ദേശീയ പ്രവർത്തക സമിതിയംഗം മൂവാറ്റുപുഴ അഷ്റഫ് മൗലവി, സംസ്ഥാന ട്രഷറർ എൻ കെ റഷീദ് ഉമരി (പാലക്കാട്), സംസ്ഥാന വൈസ് പ്രസിഡന്റ് പി അബ്ദുൽ ഹമീദ് (കാസർകോട്), സംസ്ഥാന ജനറൽ സെക്രട്ടറി കെ കെ അബ്ദുൽ ജബ്ബാർ, സെക്രട്ടറി അൻസാരി ഏനാത്ത് (കോഴിക്കോട്), സംസ്ഥാന സെക്രട്ടറി എം എം താഹിർ, സംസ്ഥാന പ്രവർത്തക സമിതിയംഗം ജോർജ് മുണ്ടക്കയം (ആലപ്പുഴ), സംസ്ഥാന സെക്രട്ടറി പി ജമീല, സംസ്ഥാന പ്രവർത്തക സമിതിയംഗം ടി നാസർ (വയനാട്), സംസ്ഥാന പ്രവർത്തക സമിതിയംഗം അഷ്റഫ് പ്രാവച്ചമ്പലം (തിരുവനന്തപുരം), സംസ്ഥാന സെക്രട്ടറി മഞ്ജുഷ മാവിലാടം, സംസ്ഥാന പ്രവർത്തക സമിതിയംഗങ്ങളായ വി കെ ഷൗക്കത്തലി, നിമ്മി നൗഷാദ് (എറണാകുളം), സംസ്ഥാന സെക്രട്ടറിയേറ്റംഗം വി ടി ഇക്കാമുൽ ഹഖ് (മലപ്പുറം), സെക്രട്ടറിയേറ്റംഗം അജ്മൽ ഇസ്മാഈൽ (തൃശൂർ), സെക്രട്ടറിയേറ്റംഗം അഡ്വ. എ കെ സലാഹുദ്ദീൻ (കൊല്ലം) എന്നിവിടങ്ങളിൽ സംബന്ധിക്കും. കൂടാതെ ജില്ലാ, മണ്ഡലം തല നേതാക്കൾ വിവിധ പരിപാടികളിൽ സംബന്ധിക്കും.

വാർത്താ സമ്മേളനത്തിൽ എസ്ഡിപിഐ തൃശൂർ ജില്ലാ ജനറൽ സെക്രട്ടറി ഇ എം ലത്തീഫ് സംബന്ധിച്ചു.

വാർത്താച്ചുരുക്കം

* യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ 13-ാം തൃശൂർ ജില്ലാ സമ്മേളനം - സമര പ്രഖ്യാനം തൃശൂർ ടൗൺ ഹാളിൽ നടന്നു.
* ചിറ്റിലപ്പിള്ളി ഐ.ഇ.എസ്.ആർക്കിടെക്ചർ കോളേജിൽ സ്പോർട്സ് ടൂർണമെന്റ്- അഖാര - 24 മുതൽ 26 വരെ നടക്കും
* വൈദ്യ മഹാസഭയുടെ വാർഷിക പൊതു യോഗം -പ്രതിനിധി സമ്മേളനം 26 - ന് അയ്യന്തോൾ കോസ്റ്റ് ഫോർഡിൽ നടക്കും. നാട്ടുവൈദ്യന്മാരുടെ അവകാശ സംരക്ഷണം ഉറപ്പു വരുത്തുന്ന കാര്യങ്ങൾ സംഘടന കൈകാര്യം ചെയ്യും.
* കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ശാസ്ത്ര കലാജാഥക്ക് 26ന് തൃശൂരിൽ വരവേൽപ്പ് നൽകും. ഇന്ത്യാസ്റ്റോറി - നാടക യാത്ര സാഹിത്യ അക്കാദമി ബഷീർ വേദിയിൽ വൈകിട്ട് 5-ന് നാടകം, കലാ പരിപാടികൾ അവതരിപ്പിക്കും. പ്രഭാഷണവും ഉണ്ടായിരിക്കും.
* കോലഴി ചിന്മയ വിദ്യാലയത്തിൽ നിർമ്മിച്ച ആമയുടെ രൂപത്തിലുള്ള കെട്ടിടം ഉൽഘാടനം 25 ന് നടക്കും.
* എസ് ഡി പി ഐ 26ന് സംസ്ഥാനത്ത് മണ്ഡലം തലങ്ങളിൽ അംബേദ്കർ സ്ക്വയർ സംഘടിപ്പിക്കും. ഭരണഘടന ഇന്ത്യയുടെ ആത്മാവ് - എന്ന മുദ്രാവാക്യം ഉർത്തിയാണ് പരിപാടി

ബൈബിൾ പകർത്തി എഴുതിയ മാതൃവേദി അമ്മമാരുടെ സംഗമത്തിന് ബസ്റ്റ് ഓഫ് ഇന്ത്യ വേൾഡ് റെക്കോർഡ്

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ പുതിയനിയമം പകർത്തിയെഴുതിയ മാതൃവേദി അമ്മമാരുടെ സംഗമം തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും ബൈബിൾ സമർപ്പണവും ഉണ്ടായിരുന്നു.

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബൈബിൾ പകർത്തിയെഴുതിയവരുടെ സംഗമം ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ അങ്കണത്തിൽ വച്ച് ബൈബിൾ പുതിയ നിയമം പകർത്തിയെഴുതിയ 1200 ൽ പരം അമ്മമാർ ഒരുമിച്ച് ബൈബിൾ പ്രകാശനം ചെയ്തു. കൂടാതെ 3 മിനിറ്റ് കൊണ്ട് പുതിയനിയമം വായിച്ച് തീർക്കുന്ന ശുശ്രൂഷക്ക് മാർ ബോസ്കോ പുത്തൂർ പുതിയ നിയമത്തിലെ മത്തായിയുടെ സുവിശേഷത്തിൽ നിന്ന് ആദ്യത്തെ 5 വാചകം വായിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. ഈ മെഗാ ബൈബിൾ പുതിയനിയമ പ്രകാശനത്തിന് ബസ്റ്റ് ഓഫ് ഇന്ത്യ വേൾഡ് റെക്കോർഡ് തൃശ്ശൂർ അതിരൂപത മാതൃവേദി കരസ്ഥമാക്കി. മെഗാ മാർഗ്ഗംകളിക്കും, മെഗാ റമ്പാൻ പാട്ടിനും, മെഗാ കോൽക്കളിക്കും, മെഗാ പുത്തൻപാന നൃത്ത സംഗീത ആവിഷ്ക്കാരത്തിനും ശേഷം ബൈബിൾ പുതിയനിയമം പകർത്തിയെഴുതിയ അമ്മമാരുടെ 1207 ബൈബിളുകൾ ഒരുമിച്ച് പ്രകാശനം ചെയ്തതിന് തൃശ്ശൂർ അതിരൂപത മാതൃവേദി ബസ്റ്റ് ഓഫ് ഇന്ത്യ വേൾഡ് റെക്കാർഡ് കരസ്ഥമാക്കുകയും ചെയ്തു.

അഞ്ചാം തവണയാണ് തൃശ്ശൂർ അതിരൂപത മാതൃവേദി ബെസ്റ്റ് ഓഫ് ഇന്ത്യ വേൾഡ് റെക്കോർഡ് കരസ്ഥമാക്കുന്നത്. തൃശ്ശൂർ അതിരൂപത മാതൃവേദി ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ സ്വാഗതം അർപ്പിച്ചു. ഗ്ലോബൽ മാതൃവേദി പ്രസിഡണ്ട് ബീന ജോഷി, മാതൃവേദി പ്രസിഡണ്ട് ഉജ്ജ്വല ബിജു എന്നിവർ ആശംസകളർപ്പിച്ചു. മെഗാ ബൈബിൾ പകർത്തിയെഴുത്ത് കൺവീനർ എൽസി വിൻസെന്റ് നന്ദി പറഞ്ഞു. അസി. ഡയറക്ടർ ഫാ. അനിഷ് കൂത്തൂർ, ബൈബിൾ പകർത്തിയെഴുത്ത് ജോ. കൺവീനർ ജീന ജോസഫ്, തുടങ്ങിയ അതിരൂപത ഭാരവാഹികൾ ഈ പരിപാടിക്ക് നേതൃത്വം കൊടുത്തു.

മഹാത്മഗാന്ധിയുടെ തൃശൂർ സന്ദർശനത്തിന്റെ 90-ാം വർഷം

കെ.എം.സിദ്ധാർത്ഥൻ മാസ്റ്റർ
(സ്വതന്ത്ര്യസമരസേനാനി & മുൻ കൗൺസിലർ)

സ്വാതന്ത്ര്യസമര സന്ദേശവുമായി മഹാത്മാഗാന്ധിജി തൃശൂരിൽ വന്നത് 1935 ജനുവരി 16നാണ്. 2025 ജനുവരി 16 അദ്ദേഹം എത്തിയതിന്റെ 90-ാം വർഷമാണ്. തൃശൂർ മണികണ്ഠനാൽ തറയിൽ നിന്ന് ഗാന്ധിജി ജനങ്ങളെ അഭിസംബോധന ചെയ്തു. ഗാന്ധിജിയുടെ സാന്നിദ്ധ്യം കൊണ്ട് പ്രസിദ്ധമാണ് മണികണ്ഠനാൽ തറ. അവിടെ തുടർന്നും പല ഘട്ടങ്ങളിലായി സ്വാതന്ത്ര്യസമരസന്ദേശ പ്രചാരണത്തിന്റെ വേദിയായി മാറിയിട്ടുണ്ട്. കേരളത്തിലെ പ്രമുഖ സ്വാതന്ത്ര്യസമര പോരാളികൾ ഉജ്വലപ്രസംഗം ചെയ്തത് ചരിത്രഭാഗമാണിന്ന്.

ജനുവരി 16ന് തൃശൂരിലെത്തിയ ഗാന്ധിജികൂർക്കഞ്ചേരിയിലും ചേർപ്പിലും ഇരിങ്ങാലക്കുടയിലും സന്ദർശനം നടത്തി. ഹരിജൻ ഫണ്ടിലേക്ക് തദവസരത്തിൽ സംഭാവനകളും സ്വീകരിക്കുകയുണ്ടായി.

ചേർപ്പിലെ തായംകുളങ്ങര പെരുവനം മൈതാനത്താണ് ഗാന്ധിജി പ്രസംഗിച്ചത്. അതേ തുടർന്ന് മൈതാനത്തിന്റെ പേര് 'മഹാത്മ' മൈതാനമെന്നായി.

ചേർപ്പിൽ ഗാന്ധിജിയെ സ്വീകരിച്ചത് ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലാണ്. അതുമായി ബന്ധപ്പെട്ട ഫോട്ടോ നമ്പൂതിരിപ്പാടിന്റെ ചിത്രശേഖരത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ചേർപ്പിലേക്ക് ഗാന്ധിജി വരുന്ന വഴിയിൽ കൂർക്കഞ്ചേരിയിലും ഗംഭീര സ്വീകരണം നല്കി.

തൃശൂർ മുനിസിപ്പൽ കൗൺസിലറായിരുന്ന കെ. എം.കുമാരൻ, സ്വാതന്ത്ര്യസമരസേനാനിയ തയ്യിൽ ടി. കെ.അച്ചുതൻമാസ്റ്റർ, വി. സി.രാമൻകുട്ടി വക്കീൽ എന്നിവരുടെ നേതൃത്വത്തിലായിരുന്നു സ്വീകരണം ഒരുക്കിയത്. കൂർക്കഞ്ചേരി ശ്രീ മാഹേശ്വര ക്ഷേത്രത്തിന്റെ പരിസരത്തായിരുന്നു സ്വീകരണവേദി. ആ ചടങ്ങിൽ വെച്ച് മാടമ്പിക്കാട്ടിൽ കോതമ്മ ഒരുപവന്റെ മോതിരം ഗാന്ധിജിക്ക് സമർപ്പിക്കപ്പെട്ടു.

ഇരിങ്ങാലക്കുടയിൽ ഇന്നത്തെ പി.ഡബ്ലിയു.ഡി. റെസ്റ്റ് ഹൗസ് നിൽക്കുന്ന ഭാഗത്തു വെച്ചാണ് ഗാന്ധിജിക്ക് വൻ സ്വീകരണം നൽകിയത്. ഗാന്ധിജിയുടെ തൃശൂർസന്ദർശനം ഗാന്ധിയർ പോലും വിസ്മരിക്കപ്പെടുന്ന അവസ്ഥയിലെത്തിയിരിക്കുകയാണിന്ന്.

സ്വാമി ശ്രീ രമണ ചരണ തീർത്ഥർക്ക് ഭക്തിനിർഭരമായ വരവേൽപ്പ്

തൃശ്ശൂർ കേരള ബ്രാഹ്മണ സഭയുടെ തിരുവമ്പാടിയിലുള്ള കസ്തൂരിയിലെ രാമായണ നവാഹ യജ്ഞത്തിന് അനുഗ്രഹപ്രഭാഷണത്തിനായി എത്തിച്ചേർന്ന സ്വാമി ശ്രീ രമണ ചരണ തീർത്ഥർക്ക് ഭക്തജനങ്ങൾ ഭക്തിനിർഭരമായ വരവേൽപ്പ് നൽകി

വേദമന്ത്രങ്ങളും നാമജപവും നിറഞ്ഞുനിന്ന അന്തരീക്ഷത്തിൽ ജയരാമന്റെ നേതൃത്വത്തിൽ സ്വാമികൾക്ക് പൂർണ്ണ കുംഭം നൽകി വേദിയിലേക്ക് ആനയിച്ചു. ടി ജി വെങ്കിട്ടനാരായണന്റെ സ്വാഗതത്തിനു ശേഷം ശ്രീ രമണ ചരണ തീർത്ത അനുഗ്രഹ പ്രഭാഷണം നടത്തി. യജ്ഞാചാര്യ ടിവി ജയലക്ഷ്മി ടീച്ചർ നന്ദി പ്രകാശിപ്പിച്ചു. ഭക്തജനങ്ങൾക്ക് യജ്ഞ പ്രസാദം നൽകിയശേഷം സ്വാമി ശ്രീ രമണ ചരണ തീർത്ഥർ എറണാകുളത്തേക്ക് യാത്ര തിരിച്ചു.

സെന്റ്ജോസഫ്സ് കോളേജിലെ പൂർവ്വവിദ്യാർഥിനി സംഗമം 2025 ജനുവരി 25 ശനിയാഴ്ച

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളജിന്റെ പൂർവ്വവിദ്യാർഥിനി സംഗമം നാളെ ശനിയാഴ്ച (ജനുവരി 25) ന് നടക്കും. ഗായകൻ ജയചന്ദ്രനുള്ള ആദരസൂചകമായി 'ധനുമാസ ചന്ദ്രിക' എന്ന പേരിൽ അദ്ദേഹത്തിന്റെ ഗാനങ്ങൾ കോർത്തിണക്കിയ ഗാനശിൽപം അവതരിപ്പിക്കും. മികച്ച പൂർവ്വ വിദ്യാർത്ഥിനിക്കുള്ള അവാർഡ് ചടങ്ങിൽ സമ്മാനിക്കും.

കോളജ് ദേശീയ തലത്തിൽ എൺപത്തഞ്ചാം റാങ്കും കേരളത്തിൽ ഏഴാം റാങ്കും സ്വന്തമാക്കിയ ഈ വർഷം സന്തോഷം പങ്കിടാൻ എല്ലാ പൂർവ്വ വിദ്യാർത്ഥിനികളെയും സ്വാഗതം ചെയ്യുന്നതായി മാനേജ്മെന്റ് അറിയിച്ചു.

കാലിത്തീറ്റ സബ്സിഡി പദ്ധതി ഉദ്ഘടനം

ഇരിങ്ങാലക്കുട: കാറളം ഗ്രാമപഞ്ചായത്ത് കറവപശുകൾക്ക് കാലിത്തീറ്റ സബ്സിഡി പദ്ധതി ഉദ്ഘടനം ഇരിങ്ങാലക്കുട താണ്ണിശ്ശേരി ക്ഷീര സംഘത്തിൽവെച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ബിന്ദു പ്രദീപ് അവർകൾ നിർവഹിച്ചു. ചടങ്ങിൽ പഞ്ചായത്ത്വൈസ് പ്രസിഡന്റ് സുനിൽ മാലാന്ത്ര അവർകൾ അധ്യക്ഷതയും, പഞ്ചായത്ത് വികസനകാര്യാസ്റ്റാറ്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ അമ്പിളി യു വി അവർകൾ സ്വാഗതം പറഞ്ഞു ചടങ്ങിൽ ഗ്രാമപഞ്ചായത്ത് മെമ്പർമാരായ രജനി നന്ദകുമാർ, സീമ കെ നായർ എന്നിവർ ആശംസകൾ പറയുകയും ക്ഷീര വികസന വകുപ്പ് ഗുണനിയന്ത്രണ ഓഫീസർ രാധിക പി എം പാൽ ഗുണമേന്മയെ കുറിച്ച് ക്ലാസ്സ് എടുക്കുകയും, ഡയറി ഫാം ഇൻസ്ട്രക്ടർ പദ്ധതി വിശദീകരണം നടത്തുകയും ചെയ്തു. താണിശ്ശേരി ക്ഷീര സംഘം പ്രസിഡണ്ട് വർഗീസ് എൻ എൽ അവർകൾ പരിപാടിക്ക് നന്ദി പറഞ്ഞു. താണ്ണിശ്ശേരി, പുല്ലത്തറ, കാറളം ക്ഷീര സംഘം പ്രതിനിധികളും ക്ഷീര കർഷകരും ചടങ്ങിൽ പങ്കെടുത്തു.

പ്രവാസി ക്ഷേമനിധി രജിസ്ട്രേഷൻ ക്യാമ്പ് റിപ്പബ്ലിക് ദിനത്തിൽ ചാവക്കാട്

ചാവക്കാട്: നമ്മൾ ചാവക്കാട്ടുകാർ സൗഹൃദക്കൂട്ട് ഒമാൻ ചാപ്റ്റർ, കേരള പ്രവാസി ക്ഷേമനിധി രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു.

2025 ജനുവരി 26-ന് രാവിലെ 9:30 ന് ചാവക്കാട് എം.കെ. സൂപ്പർ മാർക്കറ്റ് അങ്കണത്തിൽ കേരള പ്രവാസി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.വി. അബ്ദുൾ ഖാദർ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ഇങ്ങളറ്റ ഗ്രൂപ്പ് എം.ഡി. എം.എ. ഷാനവാസ് മുഖ്യാതിഥിയായിരിക്കും. വാർഡ് കൗൺസിലറും സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പെഴ്സണുമായ ബുഷറ ലത്തീഫ് അടക്കമുള്ള മുനിസിപ്പൽ കൗൺസിലർമാർ, രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലെ പ്രമുഖർ സംബന്ധിക്കുന്നു. റജിസ്ട്രേഷൻ ക്യാമ്പിൽ സൗജന്യമായാണ് അംഗത്വം ചേർക്കുന്നത്.

സംസ്ഥാന ചരിത്രത്തിൽ ആദ്യമായി ഒരു സാമൂഹ്യ സംഘടന പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുവാനായി സംഘടിപ്പിക്കുന്ന ക്യാമ്പിൽ രാവിലെ 10:00 മണിമുതൽ ഉച്ചയ്ക്ക് 1:00 മണിവരെയാണ് രെജിസ്ട്രഷേൻ സമയം. പാസ്സ് പോർട്ടും മറ്റ് അടിസ്ഥാന രേഖകളും അപേക്ഷകർ നിർബ്ബന്ധമായും കൊണ്ടുവരേണ്ടതാണ്. എം.കെ.ഗ്രൂപ്പ്, റോയൽ വി ഹെൽപ്, ദൃശ്യം ഐ കെയർ, ചാവക്കാട് ഒൺലൈൻ തുടങ്ങിയ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടും പിന്തുണയോടെയും സംഘടിപ്പിക്കുന്ന ക്യാമ്പിൽ, പ്രവാസി ആനുകൂല്യങ്ങൾ ഇനിയും ലഭിച്ചിട്ടില്ലാത്ത പ്രവാസികൾ അവസരം പാഴാക്കാതെ ആനുകൂല്യങ്ങൾ കരസ്ഥമാക്കാൻ ശ്രമിയ്ക്കണമെന്ന് സംഘാടകർ അഭ്യർത്ഥിക്കുന്നു.

ബന്ധപ്പെടേണ്ട മോബൈൽ നമ്പറുകൾ:, - +91 90484 84044, - +91 75939 19073.

പത്രസമ്മേളനത്തിൽ പ്രോഗ്രാം കമ്മിറ്റി ചെയർമാൻ ഇല്യാസ് ബാവു, കൺവീനർ രാജൻ മാക്കൽ, റോയൽ വി ഹെൽപ് പ്രതിനിധി തസ്നി, കോഡിനേറ്റർ ഹരിദാസ് പാലക്കൽ, യു.എ.ഇ. പ്രതിനിധി ജെനീഷ് സി.എം. തുടങ്ങിയവർ പങ്കെടുത്തു.

വായനക്കാർക്ക് ഓർമ്മിക്കാനുതകുന്നതെഴുതണം: സി.എൽ.ജോസ്

ഒരുഎഴുത്തുകാരനെ സംബന്ധിച്ചിടത്തോളംജീവിച്ചിരിക്കുമ്പോൾവായനക്കാർക്ക്ഓർമ്മിക്കാനുതകുന്നത് എന്തെങ്കിലും എഴുതുകയോ, എഴുതുവാനുതകുന്ന എന്തെങ്കിലും പ്രവർത്തിക്കുകയോവേണം. അതുകാവിൽരാജിനുസാധിച്ചിരിക്കുന്നുവെന്ന്,പ്രസിദ്ധനാടകകൃത്ത് സി.എൽ.ജോസ്പ്രസ്താവിച്ചു. എഴുത്തിന്റെ അമ്പതുവർഷങ്ങൾ പിന്നിടുന്ന കാവിൽ രാജിനെ സർഗസ്വരത്തിന്റെആഭിമുഖ്യത്തിൽആദരിക്കുന്നസമ്മേളനഉദ്ഘാടനംചെയ്തുസംസാരിക്കുകയായിരുന്നു അദ്ദേഹം. സമ്മേളനത്തിൽ സുദർശനംസുകുമാരൻ മാസ്റ്റർ അദ്ധ്യക്ഷതവഹിച്ചു.

പ്രൊഫ.വി.കെ. ലക്ഷ്മണൻ നായർ, കാവിൽരാജിനെപൊന്നാടയണിയിച്ച്ആദരിച്ചു. പ്രശസ്തിപത്രം സർഗ്ഗസ്വരംട്രഷറർ സതീഷ് മാമ്പ്ര സമർപ്പിച്ചു.കാവിൽ രാജ് എഴുതിയ 'നാടകജ്വരം 'എന്ന പുസ്തകം, പ്രൊഫ. സാവിത്രി ലക്ഷ്മണനുനൽകി, സി.എൽ. ജോസ് പ്രകാശനം ചെയ്തു. അദ്ദേഹംതന്നെ എഡിറ്റ് ചെയ്ത 'മലയാളചലച്ചിത്രഗാനങ്ങളിലൂടെ ..' എന്ന പുസ്തകം പ്രൊഫഐ. ഷൺമുഖദാസ്,എം.എൻ. ആർ.നായർക്കു നൽകി പ്രകാശിപ്പിച്ചു. ജേക്കബ് സൈമൺ,സംവിധാനംചെയ്ത കാവിൽരാജ് എന്നഡോക്യുമെന്ററിയുടെപ്രദർശനോദ്ഘാടനംസി.ആർദാസ്നിർവ്വഹിച്ചു.

കാവിൽരാജിന്റെഡോക്യുമെന്ററി-ചലച്ചിത്രപ്രവർത്തനങ്ങളെക്കുറിച്ച് ഡോ.അരവിന്ദൻവല്ലച്ചിറയും,ബാലസാഹിത്യസംഭാവനകളെക്കുറിച്ച് ശ്രീദേവിഅമ്പലപുരവുംസംസാരിച്ചു.ജനറൽസെക്ട്ടറിജോയ്ചിറമേൽസ്വാഗതംപറഞ്ഞു.

വി..എം.സുലൈമാൻ, പി.കെ.ഷാഹുൽഹമീദ്, ബേബി മൂക്കൻ, വിജേഷ് എടക്കുന്നി,കെ.ഗിരീന്ദ്രബാബു, അബു പാലിയത്ത് ഡേവീസ്കണ്ണമ്പുഴ,ആന്റോകുണ്ടുകുളം,കലാമണ്ഡലം പരമേശ്വരൻ, എ.പിനാരായണൻ കുട്ടിഎന്നിവർ സംസാരിച്ചു.

2024ലെകേരളഫിലിം ക്രിട്ടിക്സിന്റെ മികച്ചപരിസ്ഥിതിചിത്രമായ 'പച്ചപ്പ് തേടി'(സംവിധാനം -കാവിൽരാജ്)എന്നചലച്ചിത്രം പ്രദർശിപ്പിച്ചു. കാവ്യഗാനാലാപനങ്ങളിൽവർഗ്ഗീസ് വാഴപ്പിള്ളി,മോഹൻ പറത്തിൽ, പ്രൊഫ.യു .എസ് മോഹൻ,സുശീലാമണി,ജയപ്രകാശ് ശ്രുതിലയം,പ്രേമദാസ് നെടുപുഴ, കെ.കെ.സുബ്രഹ്മണ്യൻ എന്നിവർ പങ്കെടുത്തു.

ലൈഫ് സയൻസ് ജേണൽ ക്ലബ് ഉദ്ഘാടനം ചെയ്തു

ഇരിഞ്ഞാലക്കുട : ഇരിഞ്ഞാലക്കുട സെന്റ് ജോസഫ്സ് ഓട്ടോണമസ് കോളേജിലെ ജന്തുശാസ്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'ലൈഫ് സയൻസ് ജേണൽ ക്ലബ് ഉദ്ഘാടനം ചെയ്തു.

പത്മഭൂഷൺ ഫാ. ഗബ്രിയേൽ മെമ്മോറിയൽ റിസർച്ച് സെമിനാർ ഹാളിൽ ഉച്ചതിരിഞ്ഞ് രണ്ടരക്ക് ആരംഭിച്ച പരിപാടി വൈസ് പ്രിൻസിപ്പാളും റിസർച്ച് ഡീനുമായ ഡോ. സിസ്റ്റർ അഞ്ജന ഉദ്ഘാടനം നിർവഹിക്കുകയും ഒന്നാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനിയായ ലാവണ്യ മേനോൻ ആദ്യത്തെ പേപ്പർ അവതരണം നടത്തുകയും ചെയ്തു.

വിദ്യാർത്ഥികളിൽ ഗവേഷണത്തോടുള്ള താല്പര്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന ഈ ജേർണൽ ക്ലബ്ഉദ്ഘാടന വേളയിലെ പേപ്പർ അവതരണത്തിലും തുടർന്നുള്ള ചർച്ചയിലും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

ഹൃദയാഘാതംമൂലം 70 കാരൻ മരിച്ചു

പുതുക്കാട്: കല്ലൂർ സ്വദേശി കോളഞ്ചേരി സെബാസ്റ്റ്യൻ (70) ഹൃദയാഘാതം മൂലം മരിച്ചു.

തൂങ്ങിമരിച്ചു

പുതുക്കാട്: ആനന്ദപുരം സ്വദേശി വൈലൂക്കാരൻ ഉണ്ണിച്ചെക്കൻ മകൻ ശിവൻ (60) വയസ് തൂങ്ങിമരിച്ചു.

നിര്യാതരായി

സരോജിനി

പുതുക്കാട്:തെക്കെ തൊറവ് സ്വദേശി തൃക്കാശ്ശേരി വീട്ടിൽ സുബ്രഹ്മണ്യൻ ഭാര്യ സരോജിനി (75) നിര്യാതയായി. സംസ്കാരം ഇന്ന് ഉച്ചകഴിഞ്ഞ് കൊഴുക്കുള്ളി ഓർമ്മക്കൂട് ശ്മശാനത്തിൽ നടക്കും.

ഇ വി മുഹമ്മദ് ഹാജി

തിരുമിറ്റക്കോട്: ജൈവ കർഷകനും പരിസ്ഥിതി പ്രവർത്തകനുമായ ഇഞ്ചിരിവളപ്പിൽ മുഹമ്മദ്കുട്ടി ഹാജി (87) നിര്യാതയായി. ഭാര്യ-ഉമ്മാത്തുകുട്ടി. മക്കൾ-മുഹമ്മദ് യൂനുസ് (ദുബായ്), നിഷ. മരുമക്കൾ-ഷാജിത, നാസിയ റഷീദ് വലിയകത്ത്. സഹോദരങ്ങൾ-പരേതനായ യൂസഫ്, മൊയ്തുട്ടി, പാത്തുമ്മ, ആയിഷക്കുട്ടി.

കൊളത്താപ്പള്ളി രാമൻ നമ്പൂതിരിയുടെ 25-ാം ചരമവാർഷികം ആചരിച്ചു

തൃശ്ശൂർ: കെ.പി. നമ്പൂതിരീസ് ആയുർവേദിക്സിനെ ആഗോള തലത്തിലേക്ക് വളർത്തിയ മുൻ മാനേജിംഗ് ഡയറക്ടർ കൊളത്താപ്പള്ളി രാമൻ നമ്പൂതിരിയുടെ 25-ാം ചരമവാർഷികം വടക്കേക്കാട്